# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

No. FCC/MISC/2020 തീയതി:27.11.2020.

## <u>പരിപത്രം</u>

വിഷയം:-ആദായനികുതി വാർഷിക കണക്കുകളുടെ സമർപ്പണം (അന്തിമം)-വരുമാന സ്രോതസ്സിൽ നികുതികിഴിവുകൾ നടത്തുന്നത് - സംബന്ധിച്ച്.

എം.ജി. യൂണിവേഴ്സിറ്റിയിലെ എല്ലാ ജീവനക്കാരും നടപ്പുസാമ്പത്തിക വർഷത്തിലെ അവരുടെ വരുമാനത്തിന്റെയും കരമൊഴിവായ നിക്ഷേപങ്ങളുടേയും കണക്കുകൾ 2020 ഡിസംബർ 15-ാം തീയതിക്കു മുമ്പായി എഫ്.സി.സി. സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ഈ കണക്കുകളോടൊപ്പം താഴെപ്പറയുന്ന വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാകുന്നു.

1. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനുള്ളതുമായ ശമ്പളവരുമാനം (പുതുക്കിയ യു.ജി.സി. ശമ്പള പരിഷ്കരണത്തിനു ശേഷം ഉള്ള തുക അടക്കം) ഉൾപ്പടെയുള്ള ആകെ തുക.
2. പഴയ ശമ്പളനിരക്കിലും, പുതിയ ശമ്പളനിരക്കിലും, യു.ജി.സി. ശമ്പളനിരക്കിലും, ഈ കാലയളവിൽ ലഭിച്ചതും, ലഭിക്കാനിടയുള്ളതുമായ തുക.
3. ആർജ്ജിത അവധി സമർപ്പണത്തിലൂടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ ലഭിച്ചതും ലഭിച്ചേക്കാവുന്നതുമായ ആകെ തുക.
4. പുതുക്കിയ ശമ്പള കുടിശ്ശികയായി, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ ലഭിച്ചതും ലഭിക്കാൻ സാദ്ധ്യതയുള്ളതുമായ ആകെ തുക.
5. മറ്റേതെങ്കിലും ഇനത്തിൽ ശമ്പളമായോ, കുടിശ്ശികയായോ ലഭിച്ചതുക.

ആദായ നികുതി വിവരങ്ങളുടെ സമർപ്പണവുമായി ബന്ധപ്പെട്ട് നിർബന്ധമായും പാലിച്ചിരിക്കേണ്ട മറ്റു നിബന്ധനകൾ.

1. **എല്ലാ ജീവനക്കാരും നിർബന്ധമായും PAN നേടിയിരിക്കേണ്ടതാണ്. PAN-ന്റെ** ഒരു പകർപ്പ്, FCC സെക്ഷൻ, അക്കൗണ്ട്സ് III സെക്ഷൻ എന്നിവിടങ്ങളിൽ നാളിതുവരെ സമർപ്പിക്കാത്തവരുടെ ശമ്പളത്തിൽ നിന്ന് ആദായനികുതി നിയമം 206AA വകുപ്പ് പ്രകാരം ശമ്പളത്തിന്റെ 20% സ്വമേധയാ കിഴിവ് വരുത്തുന്നതായിരിക്കും.
2. **ആദായനികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന കണക്കുകൾ നിർബന്ധമായും, നിയമപരമായി അംഗീകരിച്ചതും, അംഗീകരിക്കാവുന്നതുമായ രേഖകളോടൊപ്പമായിരിക്കണം. ഏതെങ്കിലും കാരണവശാൽ രേഖകൾ സമർപ്പിക്കാൻ സാവകാശം വേണമെങ്കിൽ അതു കണക്കുകളോടൊപ്പം പ്രത്യേകമായി ഒരു സമർപ്പണം വഴി കാണിച്ചിരിക്കേണ്ടതാണ്. പ്രസ്തുത സമർപ്പണത്തിൽ പിന്നീട് നൽകാനുദ്ദേശിക്കുന്നതും ഇപ്പോൾ സമർപ്പിക്കാത്തതുമായ രേഖകളുടെ വിശദാംശങ്ങൾ നിർബന്ധമായും അക്കമിട്ട് കാണിക്കേണ്ടതാണ്. നിബന്ധനകൾ പാലിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

3. ഭവനനിർമ്മാണവായ്പ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃതവായ്പകളുടെ തിരിച്ചടവിന്റെയും പലിശയുടെയും വേർതിരിച്ച കണക്കുകൾ അതതു വായ്പാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി, നികുതി കണക്കുകളുടെ ഒപ്പം സമർപ്പിക്കേണ്ട താണ്. നികുതിദായകന് ഗൃഹത്തിനുള്ള അവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകളും (പാർപ്പിട നികുതിയുടെ പകർപ്പ്/പൂർത്തീകരണ സാക്ഷ്യപത്രം) ഇതിനോ ടൊപ്പം സമർപ്പിക്കേണ്ടതാണ്. വായ്പ നൽകിയ സ്ഥാപനത്തിന്റെ വിവരങ്ങൾ, PAN സഹിതം, കണക്കുകളോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ്.

4. നിർദ്ദിഷ്ട തീയതിക്കു മുൻപായി അന്തിമ ആദായ നികുതി കണക്കുകളുടെ സമർപ്പണം നടത്താത്തവരുടെയും, അനുബന്ധ രേഖകൾ സമർപ്പിക്കാത്തവരുടെ യും, ശമ്പളം 2021 ജനുവരി മാസം മുതൽ താത്കാലികമായി തടഞ്ഞു വയ്ക്കുന്ന തായിരിക്കും.

5. നികുതിദായകർ അവരവരുടെ നികുതി സമർപ്പണത്തിന്റെ രേഖകൾ, ആവശ്യമുള്ള പക്ഷം ആദായനികുതി വകുപ്പിന്റെ വെബ്സൈറ്റിൽ ഒത്തു നോക്കേണ്ടതാണ്. (Form 26 AS, www.incometaxindiaefiling.gov.in) സംശയങ്ങൾ ഉള്ളപക്ഷം, അക്കൗണ്ട്സ് III സെക്ഷനുമായി ബന്ധപ്പെട്ട് സംശയനിവൃത്തി വരുത്തേണ്ടതാണ്. ആദായനികുതി വകുപ്പ് ഓരോ നികുതിദായകനേയും എല്ലാ 3 മാസത്തിലും നികുതി കിഴിവിന്റെ വിവരങ്ങൾ അറിയിക്കുന്നതിനാൽ ആയത് ഒത്തുനോക്കി, കൃത്യത ഉറപ്പുവരുത്തേ ണ്ടതാണ്.

6. എല്ലാ ജീവനക്കാരും ആദായനികുതി കണക്കുകൾ സമർപ്പിക്കുമ്പോൾ എഫ്.സി.സി. സെക്ഷനിൽ നിന്നും ലഭ്യമാക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പുകൾ തന്നെ നിർബ ന്ധമായും ഉപയോഗിക്കേണ്ടതാണ്. അങ്ങനെയല്ലാത്തവ സ്വീകരിക്കുന്നതല്ല. മേൽപ റഞ്ഞ സാക്ഷ്യപത്രത്തിന്റെ പകർപ്പ് എം.ജി. യൂണിവേഴ്സിറ്റി വെബ്സൈറ്റിലും ലഭ്യ മാണ്. (www.mgu.ac.in).

7. നടപ്പ് സാമ്പത്തിക വർഷം കണക്കുകൾ സമർപ്പിക്കുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്:

ആദായ നികുതി വകുപ്പ് നടപ്പ്‌വർഷം മുതൽ രണ്ടുരീതിയിൽ കണക്കുകൾ ഏകോ പിപ്പിച്ചു സമർപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. എല്ലാ ജീവനക്കാരും ഇതിൽ ഏതെങ്കിലും ഒന്നുമാത്രം തെരഞ്ഞെടുക്കേണ്ടതാണ്.

1. 2019 ഫിനാൻസ് ആക്റ്റ് പ്രകാരവും.
2. 2020 ഫിനാൻസ് ആക്റ്റ് (Rule 115 BAC) പ്രകാരവും.

ഇതിൽ എതെങ്കിലും ഒന്നുമാത്രം തെരെഞ്ഞെടുക്കേണ്ടതും പ്രസ്തുത വിവരം എല്ലാ ജീവനക്കാരും കാലേക്കൂട്ടി ഓഫീസ് മേധാവിയെ അറിയിക്കേണ്ട തുമാണ്. പ്രസ്തുത തെരെഞ്ഞെടുപ്പ് പിന്നീട് മാറ്റാൻ അനുവദിക്കുന്നതല്ല.

(ഒപ്പ്)

**ഫിനാൻസ് ഓഫീസർ**

To

എല്ലാ ജീവനക്കാരും/ഓഫീസർമാർ/സ്കൂളുകൾ/ഫിനാൻസ് ഓഫീസർ/ ഡിപ്പാർട്ട്മെന്റു കൾ/യൂണിവേഴ്സിറ്റി സെക്ഷനുകൾ: വിവരങ്ങൾക്കും, തുടർ പ്രവർത്തനങ്ങൾക്കും.